കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ ആണ് അച്ചടിക്കുന്നത്. 2014-15 വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിച്ച പേപ്പറിന് ഗുണനിലവാര മില്ലെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ്-ന്റെയും സ്റ്റേഷനറി വകുപ്പിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ഇത് സംബന്ധിച്ച് ഉന്നതതലത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി&സി) 2012-13 വരെ 60 ജി.എസ്.എം. പേപ്പറായിരുന്നു പാഠപുസ്തക അച്ചടിക്ക് ഉപയോഗിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ 2 വർഷങ്ങളിലായി 70 ജി.എസ്.എം. പേപ്പർ ഉപയോഗിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതനുസരിച്ച് 70 ജി.എസ്.എം. പേപ്പറിലാണ് പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടുള്ളത്. എന്നാൽ പേപ്പറിന്റെ കാലപ്പഴക്കം (2011-ൽ വന്ന 76 സെ.മി X 70 ജി. എസ്.എം.) കാരണം പേപ്പർ ഷെയിഡിൽ മാറ്റം വന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാഠപുസ്തക അച്ചടിക്ക് ഉപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വിത്തുമുതൽ വിപണിവരെ എന്ന സമഗ്ര വികസന പദ്ധതി

30 (*720) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വിത്ത് മുതൽ വിപണിവരെ എന്ന ഒരു സമഗ്ര വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത് ; വിശദമാക്കുമോ ;

(ഡി) വിത്തുമുതൽ വിപണിവരെ എന്ന സമഗ്ര വികസന പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ-ഡി) വിത്തുമുതൽ വിപണിവരെ എന്ന ആശയം ഉൾക്കൊള്ളുന്ന 'നിറവ്' എന്ന പേരിൽ ഒരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുവരെ 42 നിയോജകമണ്ഡലങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതികൊണ്ട് ഓരോ പ്രദേശത്തിന്റെയും മണ്ണിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുന്നതിനും ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും ഉത്പന്ന വൈവിധ്യവത്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്ത് മുതൽ വിപണി വരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ കേരളത്തിലെ പഴം പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് വിത്ത് മുതൽ വിപണി വരെ ഉത്പാദനത്തിന്റെ എല്ലാ ഘട്ടങ്ങളിലും സഹായം എത്തിക്കുന്നതിനായാണ് വെജിറ്റബിൾ ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടത്. പഴം പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം, മാസ്റ്റർ കർഷകരെ തെരഞ്ഞെടുക്കൽ, മികവുറ്റ പരിശീലന പരിപാടികൾ, കർഷക പങ്കാളിത്തത്തോടെയുള്ള ഗവേഷണ പദ്ധതികൾ, വായ്പാ പദ്ധതി, സ്വാശ്രയ കർഷക സമിതികളുടെ രൂപീകരണം എന്നിവയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

2013-14 ഗ്രാമവികസന വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക

1 (7298) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തിൽ ഗ്രാമവികസന വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും ഏതൊക്കെ പദ്ധതികൾക്കായി എത്ര കോടി രൂപ ലഭിച്ചിരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തൊക്കെ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(സി) എത്ര രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടുവെന്നും ഇതിന്റെ കാരണമെന്തായിരുന്നുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം

2 (7299) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നിർവ്വഹിക്കുവാൻ പ്ലാനിംഗ് ബോർഡിൽ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly